

# ബലൂണുകൾ

ബലൂണുകൾ പോലെ
വീർത്തതും
നീണ്ടതുമായ ശരീരങ്ങൾ
വായു നിലക്കും വരെ മാത്രം
അടി പിടി
ശകാരങ്ങൾ
കുത്തി നോവിക്കൽ
ചെകുത്താന്റെ രൂപഭാവങ്ങൾ
വായു നിലച്ചാൽ
മണ്ണിലേക്കു യാത്രയാകുന്നു.
വായുവില്ലാത്ത ബലൂണുകളെ
ആരും ശകാരിക്കാറില്ല.
സത്കർമം ചെയ്ത
കാര്യങ്ങൾ പറഞ്ഞു
വാഴ്ത്തുന്നു.

സബീഷ് തൊട്ടിൽപാലം

മുഹമ്മദ്കുട്ടി ഇരിമ്പിളിയം

## നോക്കുകുത്തികൾ

നേരിന്റെ മൂർത്തി
മാലാഖ.
തെറ്റിന്റെ തോഴൻ
ചെകുത്താൻ!
രണ്ടും പെട്ടത് മനുഷ്യൻ
രണ്ടും കെട്ടത്
മൃഗം!!

## കർമം

പെയ്യുന്ന പ്രാർഥനകളിൽ
തളിർക്കുന്നു മനുഷ്യാലയങ്ങൾ.
പെയ്യാത്ത കർമങ്ങളിൽ
വരളുന്നു ദേവാലയങ്ങളും!

## അടിത്തട്ട്

അടിയിൽ-
ചോർന്നൊലിക്കുന്ന
അഴുക്കു ചാലുകളിൽ
വറുതിയുടെ വിതുമ്പലുകൾ.
മുകളിൽ-
പൊങ്ങച്ചങ്ങളുടെ
മട്ടുപ്പാവുകളിൽ
പൊറുതിയുടെ കലമ്പലുകൾ!




പുസ്തകപ്പുരയിലേക്കുള്ള പുസ്തകങ്ങൾ മൂന്ന് കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

## ഇബ്റാഹീം ബേവിഞ്ചയുടെ അക്ഷരപഥങ്ങൾ

അധ്യാപകൻ, കോളമിസ്റ്റ്, ഗ്രന്ഥകാരൻ തുടങ്ങിയ നിലകളിൽ ശ്രദ്ധേയനായ ഇബ്റാഹീം ബേവിഞ്ച മലയാള സാഹിത്യ നിരൂപണ ശാഖയിൽ സ്വന്തമായി ഇടം കണ്ടെത്തിയ പ്രതിഭാധനനാണ്. മത, സംസ്കാര, സാഹിത്യ, രാഷ്ട്രീയ വിഷയങ്ങളെല്ലാം ബേവിഞ്ചയുടെ കൃതികളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇബ്റാഹീം ബേവിഞ്ചയുടെ രചനകളിലൂടെ സഞ്ചരിക്കുന്നു സി.ടി ബഷീർ 'ഇബ്റാഹീം ബേവിഞ്ചയുടെ അക്ഷരപഥങ്ങൾ' എന്ന പുസ്തകത്തിൽ. ഗഹനമായ പഠനങ്ങൾക്ക് വഴിയൊരുക്കുന്ന ഒരു തുടക്കമാണീ കൃതിയെന്നെഴുതുന്നു ആമുഖത്തിൽ സി.ടി ബഷീർ. പ്രസാധനം ഗ്രെയ്സ് എജുക്കേഷണൽ അസോസിയേഷൻ. വില 150 രൂപ.




## പലിശ എന്ന വിന

പലിശയെക്കുറിച്ചുള്ള ഇസ്ലാമിക വീക്ഷണങ്ങളും, സാമ്പത്തിക വ്യവസ്ഥിതിയെയും ജനജീവിതത്തെയും അതെങ്ങനെ പ്രതികൂലമായി ബാധിക്കുന്നുവെന്നും പ്രതി

▸ എം. സലാം മങ്ങാട്ടുപുലം

# പവർകട്ട്

മഅ്ദനിയോട്,
താങ്കളുടെ കണ്ണ് പോയതല്ല
ഇവിടെ വെളിച്ചം കെട്ടതാണ്...

നീതിയുടെ തെളിനീർ മഴകൾ ഭൂമിയിൽ
ഇനിയും പെയ്യാത്തിടത്തോളം കാലം
ഈ പവർകട്ട് തുടരുമായിരിക്കും.



▸ മുജീബ്റഹ്മാൻ കൊട്ടപറമ്പൻ

# പുഴ തിരിച്ചു തന്നത്

മണലങ്ങനെ കോരിയെടുത്തും
വാരിത്തിന്നും
പുഴയുടെ മാറിലവർ
വലിയ ദ്വാരമിട്ടിരിക്കുന്നു

അതിന്റെ കണ്ണുനീരും
നിലവിളിയും
ആരും ശ്രദ്ധിച്ചതേയില്ല...

ഇന്നവിടെ ബാക്കിയുള്ളത്
അഗാധ ഗർത്തങ്ങളും
ചൊറിപിടിച്ചൽപ്പം
ചരൽ കല്ലുകളും മാത്രം.

പാദിക്കുന്ന പുസ്തകമാണ് കെ.എ അബ്ദുല്ലയുടെ 'പലിശ എന്ന വിന'. ഇന്ന് കേരളത്തിൽ വ്യാപകമായി നടക്കുന്ന തട്ടിപ്പുകളെല്ലാം ചുരുങ്ങിയ കാലയളവിൽ പണം ഇരട്ടിയാക്കി നൽകപ്പെടും എന്ന് വാഗ്ദാനം ചെയ്താണ്. ജനങ്ങൾ അതിന്റെ പ്രായോഗികതയെപ്പറ്റി പോലും ചിന്തിക്കാതെ കെണികളിൽ വീഴുകയാണ്. ഇക്കാര്യങ്ങളിൽ കൂടുതൽ ജാഗ്രത വേണമെന്ന് പുസ്തകം പറയുന്നു. പ്രസാധനം: തളിക്കുളം ഇസ്‌ലാമിക് ബുക്സ് പബ്ലിക്കേഷൻ. വില 50 രൂപ.




## ഇരുപത്തിയഞ്ച് പൈസ

മലപ്പുറം ജില്ലയിലെ പൊന്നാനി ഐ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളിലെ അൻസിയ, അമീറ, ഫാബിയ ഖദീജ എന്നിവരുടെ 54 കവിതകളുടെ സമാഹാരമാണ് 'ഇരുപത്തിയഞ്ച് പൈസ.' അൻസിയയുടെ കവിതയിൽ നിന്നാണ് ഈ കവിതാ സമാഹാരത്തിന് 25 പൈസ എന്ന പേരെടുത്തത്. ഇരുപത്തഞ്ച് പൈസ കുട്ടികളുടെ ലോകത്തിന് സമ്മാനിച്ച സ്മരണകളെ അയവിറക്കുകയാണ് ഈ പേരിലൂടെ. ഇരുട്ടിന്റെ വിശാലതയിലേക്ക് നടന്നടുക്കുന്ന കൊള്ളിമീനുകൾ കണക്കെ കുരുന്ന് ഭാവനകൾ കവിതകളുടെ രൂപത്തിൽ നമ്മിലൂടെ കടന്നുപോകുന്നു വെന്നെഴുതുന്നു മുഖക്കുറിപ്പിൽ ഇബ്റാഹീം പൊന്നാനി. പ്രസാധനം സർഗസംഗമം ക്ലബ്, ഐ.എസ്.എസ് പൊന്നാനി. വില 60 രൂപ.

